**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 446** **21-07-2022 - ൽ മറുപടിയ്ക്ക്**

**പോളിടെക്നിക് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. കെ. ജെ. മാക്സി,<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനും പോളിടെക്നിക് കോഴ്സുകൾ വ്യവസായ മേഖലയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനും പോളിടെക്നിക്ക് കോഴ്സുകൾ വ്യവസായ മേഖലയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി നവീകരിക്കുന്നതിൻ്റെയും ഭാഗമായി ചുവടെ പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>I) പോളിടെക്നിക്ക് കോളേജുകളിൽ വ്യവസായ അധിഷ്ഠിതമായ Out come based ഡിപ്ലോമ കരിക്കുലം റിവിഷൻ 2021 ആവിഷ്കരിച്ചു.<br><br>ii) ഡിപ്ലോമ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വേണ്ടിയും പോളിടെക്നിക്ക് കോളേജുകളിലെ പ്രോഗ്രാമുകൾ NBA യുടെ അക്രഡിറ്റേഷൻ നേടുന്നതിനു വേണ്ടി എല്ലാ സ്ഥാപനങ്ങളും തയ്യാറെടുത്തു തുടങ്ങിയിരിക്കുന്നു.<br><br>iii) റിവിഷൻ 2021 ഡിപ്ലോമ കരിക്കുലം നടപ്പിലാക്കിയതിലൂടെ വിദ്യാർത്ഥികളുടെ വ്യവസായധിഷ്ഠിതമായ കഴിവുകൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഇതിൻ്റെ ഭാഗമായി രണ്ടാം സെമസ്റ്ററിന് ശേഷം 3 ആഴ്ച ഇന്റേൺഷിപ്പും നാലാം സെമസ്റ്ററിന് ശേഷം 4 ആഴ്ച ഇന്റേൺഷിപ്പും നടപ്പിലാക്കി. കൂടാതെ Minor Project , Major Project , Activity points അവതരിപ്പിച്ചതിലൂടെ വിദ്യാർത്ഥികളുടെ വൈദഗ്ധ്യ വികസനത്തിന് പ്രാധാന്യം നല്കി. പുതിയ കരിക്കുലം നടപ്പിലാക്കുന്നതിൻ്റെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനായി Handbook പ്രസിദ്ധീകരിച്ചു.<br><br>iv) Inter disciplinary പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പൺ |

| | | | |
|---|---|---|---|
| | | | ഇലക്ടീവുകൾ അവതരിപ്പിച്ചു. ഒരു കരിയർ ഓപ്ഷനായി സംരഭകത്വം ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി പാഠ്യ പദ്ധതിയിൽ സംരഭക്ത്വത്തെയും സ്റ്റാർട്ടപ്പുകളെയും കുറിച്ചുള്ള കോഴ്സ് ഉൾപ്പെടുത്തി.<br><br>v)വിദ്യാർത്ഥികളെ അവരുടെ തൊഴിൽ അഭിവൃദ്ധിക്ക് വേണ്ടി , ഓൺലൈനായി പഠനം നടത്തി ആഗോള തലത്തിൽ Certifications നേടുന്നതിനായി തയ്യാറാക്കുന്നതിൻെറ ഭാഗമായി ഡിപ്ലോമ കരിക്കുലത്തിൽ " Activity Points” ഉൾപ്പെടുത്തി . കൂടാതെ ആഗോള തലത്തിൽ വിദ്യാർത്ഥികളെ തൊഴിൽ പ്രാപ്തരാക്കുന്നതിനു വേണ്ടി Communication Skills in English theory ഒന്നാം സെമസ്റ്ററിലും Communication Skills in English ലാബ് രണ്ടാം സെമസ്റ്ററിലും ഉൾപ്പെടുത്തി.<br><br>vi) 03.05.2021 തീയതിയിലെ GO(Ms) No.257/2021/HEDN പ്രകാരം വിവിധ സ്ഥാപനങ്ങളിൽ Industry on Campus പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 25.02.2019 തീയതിയിലെ GO(Rt) No.319/2019/HEDN പ്രകാരം എല്ലാ സർക്കാർ പോളിടെക്നിക്ക് കോളേജുകളെയും ASAP ൻെറ Additional Skill Development Centre ആക്കി വിദ്യാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിൻെറ ഭാഗമായി തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ Robotics Lab നടപ്പിലാക്കിയിട്ടുണ്ട്.<br><br>vii) ഇതിനു പുറമെ Industry -Institute -Interaction വർദ്ധിപ്പിക്കുന്നതിനു വേണ്ടി Visiting Faculty സ്കീം നടപ്പിലാക്കി.<br><br>viii)വിദ്യാർത്ഥികൾ ഡിപ്ലോമ പാസ്സാവുമ്പോൾ വ്യവസായ മേഖലയിൽ ജോലി ലഭ്യത ഉറപ്പു വരുത്തുന്നതിനായി Finishing School പദ്ധതി നടത്തി വരുന്നു.<br><br>ix) കൂടാതെ Mahindra & Mahindra , Corporate Social Responsibility (CSR) സ്കീമിൻെറ ഭാഗമായി വിദ്യാർത്ഥികളുടെ employability skill വർദ്ധിപ്പിക്കുന്നതിനു വേണ്ടി സർക്കാർ പോളിടെക്നിക്കുകളിൽ സൗജന്യമായി പരിശീലന പരിപാടികൾ നടത്തി വരുന്നു. |
| (ബി) | ഇൻഡസ്ട്രി ഓൺ ക്യാമ്പസ് ഇൻ പോളിടെക്നിക് പദ്ധതി പ്രകാരം ഒരു വിദ്യാർത്ഥിക്ക് അയ്യായിരം | (ബി) | ഇല്ല. |

| | | | |
|---|---|---|---|
| | രൂപ സർക്കാർ ധനസഹായത്തോടെ കുറഞ്ഞത് പതിനായിരം രൂപയെങ്കിലും പ്രതിമാസം ലഭിക്കത്തക്കരീതിയിൽ പോളിടെക്നിക്കുകളിൽ നിന്നും പഠനം പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് ചെയ്യുവാൻ അവസരമൊരുക്കിയിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത പദ്ധതി പഠനത്തോടൊപ്പം തൊഴിൽശേഷികൂടി ആർജ്ജിക്കുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുമെന്ന് വിലയിരുത്തുന്നുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പോളിടെക്നിക് കോഴ്സുകൾ പൂർത്തീകരിക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കരിയർ ഓൺ ക്യാമ്പസ് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | ഇൻഡസ്ട്രീസ് ഓൺ ക്യാമ്പസ് പദ്ധതി പോളിടെക്നിക്കുകളിൽ നടപ്പാക്കി വരുന്നു. “ കണക്ട് കരിയർ ടു ക്യാമ്പസ് " എന്ന പദ്ധതി 20 ലക്ഷം പേർക്ക് തൊഴിൽ നല്കുണം എന്ന ലക്ഷ്യം വെച്ച് കെ-ഡിസ്കിന്റേയും അസാപ്പിന്റേയും ആഭിമുഖ്യത്തിൽ 2022 ആഗസ്റ്റ് 2 ന് ആരംഭിക്കുകയാണ്. |

സെക്ഷൻ ഓഫീസർ

<u>വിശദീകരണ കുറിപ്പ്</u>

സംസ്ഥാനത്തെ പോളിടെക്നിക്ക് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനും പോളിടെക്നിക്ക് കോഴ്സുകൾ വ്യവസായ മേഖലയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി നവീകരിക്കുന്നതിൻെറ ഭാഗമായി ചുവടെ പറയും പ്രകാരമുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

I) പോളിടെക്നിക്ക് കോളേജുകളിൽ വ്യവസായ അധിഷ്ഠിതമായ Out come based ഡിപ്ലോമ കരിക്കുലം റിവിഷൻ 2021 ആവിഷ്കരിച്ചു.

ii) ഡിപ്ലോമ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് വേണ്ടിയും പോളിടെക്നിക്ക് കോളേജുകളിലെ പ്രോഗ്രാമുകൾ NBA യുടെ അക്രഡിറ്റേഷൻ നേടുന്നതിനു വേണ്ടി എല്ലാ സ്ഥാപനങ്ങളും തയ്യാറെടുത്തു തുടങ്ങിയിരിക്കുന്നു.

iii) Rev.2021 ഡിപ്ലോമ കരിക്കുലം നടപ്പിലാക്കിയതിലൂടെ വിദ്യാർത്ഥികളുടെ വ്യവസായധിഷ്ഠിതമായ കഴിവുകൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഇതിൻെറ ഭാഗമായി രണ്ടാം സെമസ്റ്ററിന് ശേഷം 3 ആഴ്ച ഇന്റേൺഷിപ്പും നാലാം സെമസ്റ്ററിന് ശേഷം 4 ആഴ്ച ഇന്റേൺഷിപ്പും നടപ്പിലാക്കി. കൂടാതെ Minor Project , Major Project , Activity points അവതരിപ്പിച്ചതിലൂടെ വിദ്യാർത്ഥികളുടെ വൈദഗ്ധ്യ വികസനത്തിന് പ്രാധാന്യം നല്കി. പുതിയ കരിക്കുലം നടപ്പിലാക്കുന്നതിൻെറ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനായി Handbook പ്രസിദ്ധീകരിച്ചു.

iv) Inter disciplinary പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പൺ ഇലക്റ്റീവുകൾ അവതരിപ്പിച്ചു. ഒരു കരിയർ ഓപ്ഷനായി സംരംഭകത്വം ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി പാഠ്യ പദ്ധതിയിൽ സംരംഭകത്വത്തെയും സ്റ്റാർട്ടപ്പുകളെയും കുറിച്ചുള്ള കോഴ്സ് ഉൾപ്പെടുത്തി.

v)വിദ്യാർത്ഥികളെ അവരുടെ തൊഴിൽ അഭിവൃദ്ധിക്ക് വേണ്ടി , ഓൺലൈനായി പഠനം നടത്തി ആഗോള തലത്തിൽ Certifications നേടുന്നതിനായി തയ്യാറാക്കുന്നതിൻെറ ഭാഗമായി ഡിപ്ലോമ കരിക്കുലത്തിൽ " Activity Points" ഉൾപ്പെടുത്തി . കൂടാതെ ആഗോള തലത്തിൽ വിദ്യാർത്ഥികളെ തൊഴിൽ പ്രാപ്തരാക്കുന്നതിനു വേണ്ടി Communication Skills in English theory ഒന്നാം സെമസ്റ്ററിലും Communication Skills in English ലാബ് രണ്ടാം സെമസ്റ്ററിലും ഉൾപ്പെടുത്തി.

vi) 03.05.2021 തീയതിയിലെ GO(Ms) No.257/2021/HEDN പ്രകാരം വിവിധ സ്ഥാപനങ്ങളിൽ Industry on Campus പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 25.02.2019 തീയതിയിലെ GO(Rt) No.319/2019/HEDN പ്രകാരം എല്ലാ സർക്കാർ പോളിടെക്നിക്ക് കോളേജുകളെയും ASAP ൻെറ Additional Skill Development Centre ആക്കി വിദ്യാർത്ഥികൾക്ക് ആധുനിക സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുന്നതിൻെറ ഭാഗമായി തിരഞ്ഞെടുത്ത സ്ഥാപനങ്ങളിൽ Robotics Lab നടപ്പിലാക്കിയിട്ടുണ്ട്.

vii) ഇതിനു പുറമെ Industry –Institute –Interaction വർദ്ധിപ്പിക്കുന്നതിനു വേണ്ടി Visiting Faculty സ്കീം നടപ്പിലാക്കി.

viii) വിദ്യാർത്ഥികൾ ഡിപ്ലോമ പാസ്സാവുമ്പോഴും വ്യവസായ മേഖലയിൽ ജോലി ലഭ്യത ഉറപ്പു വരുത്തുന്നതിനായി Finishing School പദ്ധതി നടത്തി വരുന്നു.

ix) കൂടാതെ Mahindra & Mahindra , Corporate Social Responsibility ( CSR) സ്കീമിൻെറ ഭാഗമായി വിദ്യാർത്ഥികളുടെ employability skill വർദ്ധിപ്പിക്കുന്നതിനു വേണ്ടി സർക്കാർ പോളിടെക്നിക്കുകളിൽ സൗജന്യമായി പരിശീലന പരിപാടികൾ നടത്തി വരുന്നു.

03.05.2021 ലെ GO(Ms) No. 257/2021/HEDN നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വിവിധ സർക്കാർ പോളിടെക്നിക്കുകളിൽ Industry on Campus (IOC) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പഠനത്തോടൊപ്പം വരുമാനം എന്ന ലക്ഷ്യസാധ്യത്തിനായി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപനങ്ങളിൽ ആരംഭിക്കുന്ന പദ്ധതിയാണിത്. വിദ്യാർത്ഥികൾക്ക് ഈ യൂണിറ്റുകളിൽ ജോലി ചെയ്യുന്നതിലൂടെ തൊഴിൽശേഷി ആർജ്ജിക്കാൻ അവസരവും വരുമാനവും ലഭിക്കുന്നു. കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കും ഈ സൗകര്യങ്ങൾ ലഭ്യമാണ്. ASAP ൻെറ ആഭിമുഖ്യത്തിലുള്ള Additional Skill Development Centre നാണ് പദ്ധതി നടത്തിപ്പ ചുമതല. 5000 രൂപ ധനസഹായത്തോടുകൂടി ഇന്റേൺഷിപ്പ് ഏർപ്പെടുത്തുക എന്ന പിരപാടി പോളിടെക്നിക്കുകളിലെ ഇൻഡസ്ട്രി ഓൺ കാമ്പസിൻെറ പരിപാടികളിൽ ഉൾപ്പെട്ടിട്ടില്ല.

വിദ്യാർത്ഥികൾക്ക് തിയറികളിൽ നിന്നുള്ള അറിവിന് പുറമെ പ്രായോഗികമായ അറിവുകൾ നേരിട്ട് ചെയ്തു പഠിക്കാനുള്ള അവസരമൊരുക്കുന്നതിനായി കേരളത്തിലെ 41 ഗവ. പോളിടെക്നിക്കുകളിലായി ആറര കോടി രൂപയുടെ സി.എൻ.സി മെഷീൻ , ടിഗ് മിഗ് വെൽഡിങ് മെഷീൻ, വെർട്ടിക്കൽ മില്ലിങ് മെഷീൻ , ത്രീ ഡി പ്രിന്റിങ്ങ് മെഷീൻ , റോബോട്ടിക് ലാബ് എന്നീ ഉപകരണങ്ങളും, ആധുനിക യന്ത്രങ്ങളും, 6 ഫാബ് ലാബുകളും അസാപ്പിന്റെ ചിലവിൽ സജ്ജമാക്കിയിട്ടുണ്ട്. 14 പോളിടെക്നിക്കുകളിൽ ഇൻഡസ്ട്രിയൽ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുകയും അതിൽ 8 സ്ഥാപനങ്ങളിൽ ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തു. മൂന്ന് സ്ഥാപനങ്ങൾക്ക് ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പ്രവർത്തനങ്ങളിലൂടെ 3411500 രൂപയുടെ വരുമാനം ഉണ്ടാക്കുന്നതിനും സാധിച്ചു. സ്റ്റോൾകൈൻഡ് പ്രൈവറ്റ് ലിമിറ്റഡ്, ഹൈകോൺ ഇന്ത്യ, ലോഹശില്പി,ചാസ് എഞ്ചിനീയറിങ്ങ്, റോൾറിങ്ങ് ഇൻഡസ്ട്രീസ്, സിമെക്ക് എക്വിപ്മെന്റ്സ്, ജോയിസ്റ്റ് ഏറോസ്പേസ് തുടങ്ങി നിരവധി കമ്പനിയുമായുള്ള സഹകരണത്തിനായുള്ള ചർച്ചകൾ പുരോഗമിക്കുന്നു.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്ലേസ്മെൻറ് സെല്ലുകൾ സജീവമാണ്. ഡിപ്ലോമ/ ബിരുദ/ ബിരുദാനന്തര പഠനം പൂർത്തായാക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാമ്പസ് റിക്രൂട്ട്മെൻറിലൂടെ സ്വകാര്യ/ പൊതുമേഖലാ സ്ഥാപനങ്ങളിൽ പ്ലേസ്മെൻറ് ലഭ്യമാക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സൂപ്പർ വൈസറി ഡവലപ്മെൻറ് സെന്റർ

(SDC) സർക്കാർ വകുപ്പുകളിലും പൊതു മേഖലാ സ്ഥാപനങ്ങളിലും അപ്രന്റീസ്ഷിപ്പിനുള്ള അവസരം ഒരുക്കുന്നു.

കെ.ഡിസ്ക് (KDISC) ൻെറ ആഭിമുഖ്യത്തിൽ സ്ഥാപിതമായ Digital Workforce Management System (DWMS) വൈജ്ഞാനിക മേഖലയിൽ 20 ലക്ഷം തൊഴിലവസരങ്ങൾ എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ വൈജ്ഞാനിക സമൂഹമായി മാറ്റാൻ ലക്ഷ്യമിടുന്നു. ഇതിൻെറ ഭാഗമായുള്ള Connect Career to Campus എന്ന പ്രചരണത്തെ സംബന്ധിച്ച് സംസ്ഥാനത്തെ സാങ്കേതിക ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസ കാര്യാലയത്തിലൂടെ അറിയിപ്പ് നല്കിയിട്ടുണ്ട്. തൊഴിൽ അന്വേഷകരുടെ ഒരു talent pool രൂപീകരിക്കുവാനാണ് കെ-ഡിസ്ക് (KDISC) ൻെറ ടി പദ്ധതി ഉദ്ദേശിക്കുന്നത്.